**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5682** **08-07-2024 - ൽ മറുപടിയ്ക്ക്**

**അമൃതം ആരോഗ്യം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അമൃതം ആരോഗ്യം പദ്ധതി എന്താണെന്ന് വിശദമാക്കാമോ; | (എ) | ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയാണ് "അമൃതം ആരോഗ്യം". കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ എല്ലാ കേന്ദ്രങ്ങളിലൂടെയും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും, 227 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും, 848 പ്രൈമറി ഹെൽത്ത് സെന്ററുകളിലും, 5400 ൽപരം സബ് സെന്ററുകളിലും ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.<br><br>30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ധർ തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള മരുന്നുകളും ചികിത്സയും നൽകുക, രോഗങ്ങൾ മൂർദ്ധന്യാവസ്ഥയിലേയ്ക്ക് കടക്കാതെ സംരക്ഷിക്കുക, ആരോഗ്യ ബോധവൽക്കരണം നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇതിനായി സംസ്ഥാനത്ത് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും, ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികളിലും ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും നടത്തി വരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; അതിന്റെ പ്രയോജനം ഓരോ ജില്ലയിലും എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം നൽകാമോ? | (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും നടത്തി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>* പ്രമേഹം, രക്താദിസമ്മർദ്ദം എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കായി ദേശീയ സംസ്ഥാന വിദഗ്ധരുടെ നേതൃത്വത്തിൽ ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | * പ്രോട്ടോകോൾ പ്രകാരമുള്ള ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ പ്രൈമറി ഹെൽത്ത് സെന്റർ തലം വരെ സൗജന്യമായി നൽകി വരികയും ആയത് കുടുംബക്ഷേമ ഉപകേന്ദ്രം വരെ വ്യാപിപ്പിച്ചുവെങ്കിലും ഹൈക്കോടതി വിധിയെ തുടർന്ന് മരവിപ്പിക്കേണ്ടി വന്നു.<br><br>* എൻ.സി.ഡി. ക്ലിനിക്കുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും ആരംഭിക്കുകയും ആരോഗ്യ കേരളം മുഖേന ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു.<br><br>* വിദൂര പ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങൾക്കായി സഞ്ചരിക്കുന്ന ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകളായ Care on Wheels, Care on Waves എന്നിവ ആരംഭിക്കുകയുണ്ടായി.<br><br>* ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണത്തിന്റെ പ്രധാനഘടകം ആരോഗ്യ ബോധവൽക്കരണമാണ്. ഇതിനായി വിവിധ പദ്ധതികൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. മുഖ്യധാര സിനിമാ പ്രവർത്തകരെയും, കലാ സാംസ്കാരിക രംഗത്തെ പ്രമുഖരെയും ആരോഗ്യ രംഗത്തെ വിദഗ്ധരെയും ഉൾപ്പെടുത്തിക്കൊണ്ട് ഭക്ഷണം, വ്യായാമം, ലഹരി എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുകയുമുണ്ടായി.<br><br>പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ച ആൾക്കാരുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**അമൃതം ആരോഗ്യം പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരം**

| ജില്ല | പ്രമേഹ രോഗികൾ | രക്താതിമർദ്ദമുള്ള രോഗികൾ |
|---|---|---|
| തിരുവനന്തപുരം | 253736 | 504572 |
| കൊല്ലം | 255896 | 355824 |
| പത്തനംതിട്ട | 73628 | 109676 |
| ആലപ്പുഴ | 184033 | 448952 |
| കോട്ടയം | 413071 | 496027 |
| ഇടുക്കി | 58013 | 73156 |
| എറണാകുളം | 232109 | 347771 |
| തൃശ്ശൂർ | 122173 | 209957 |
| പാലക്കാട് | 151872 | 199862 |
| മലപ്പുറം | 66642 | 113951 |
| കോഴിക്കോട് | 63029 | 151206 |
| വയനാട് | 5981 | 9327 |
| കണ്ണൂർ | 167869 | 422992 |
| കാസർഗോഡ് | 105943 | 207629 |
| **ആകെ** | **21,53,995** | **36,50,902** |

സെക്ഷൻ ഓഫീസർ